**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1520 — 22/03/2013-ൽ മറുപടിയ്ക്ക്

## പഞ്ചായത്തുകൾ തോറും ഗ്രീൻ ഹൗസ് സ്ഥാപിക്കുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) പഞ്ചായത്തുകൾ തോറും ഗ്രീൻ ഹൗസ് സ്ഥാപിക്കുന്ന പദ്ധതിയനുസരിച്ച് കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ഗ്രീൻ ഹൗസുകൾ സ്ഥാപിച്ചിട്ടുണ്ട്; | എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കൊട്ടാരക്കര, കരീപ്ര, നെടുവത്തൂർ എന്നീ പഞ്ചായത്തുകളിലായി 3 അപേക്ഷകർക്ക് ഗ്രീൻ ഹൗസ് നിർമ്മാണത്തിനായുള്ള അനുമതി നൽകിയിട്ടുണ്ട്. ഒന്നും സ്ഥാപിച്ചിട്ടില്ല. |
| ബി) ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുന്നതിനായി ചെലവഴിച്ച തുകയുടെയും ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) പഞ്ചായത്തുകൾ തോറും ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുന്ന പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടില്ല. |

| | | |
|---|---|---|
| സി) | ഗ്രീൻ ഹൗസുകൾ വഴി ഗുണഭോക്താക്കൾക്കു ലഭ്യമാകുന്ന സൗകര്യങ്ങളും സഹായങ്ങളും എന്തെല്ലാമാണ്? | സി) കൃഷി ഭവൻ തലത്തിലും ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും പരിശീലന പരിപാടികൾ സംഘടിപ്പിയ്ക്കുന്നതോടൊപ്പം കൃഷിയിടം പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പദ്ധതി നിർദ്ദേശപ്രകാരം 400 മീറ്റർ സ്ക്വയർ ഗ്രീൻ ഹൗസ് (പോളിഹൗസ്) സ്ഥാപിച്ച കർഷകർക്ക് 2,80,500/- രൂപവരെ പോളി ഹൗസ് ഒന്നിന് എന്ന നിരക്കിൽ ധനസഹായം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ